ഡിവിഷൻകൊണ്ട് കണ്ണൂർ, കാസർകോഡ് പ്രദേശങ്ങൾക്കുകൂടി പ്രയോജനമുള്ളതുകൊണ്ട് ഇതിന്റെ ആസ്ഥാനം അവിടെനിന്നു മാറാൻ പോകുന്നതായി അറിയുന്നു. ഇതിന്റെ ആസ്ഥാനം പയ്യന്നൂർ തന്നെയായിരിക്കുമെന്നു സമ്മതിച്ചതും എക്സിക്യൂട്ടീവ് എഞ്ചിനീയറേയും സ്റ്റാഫിനേയുംവരെ നിശ്ചയിച്ചതുമാണ്. അതിനുപുറമേ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമെല്ലാം ഇപ്പോൾ പറയുന്നത് അനുസരിച്ചുതന്നെ നേവൽ അക്കാഡമി പയ്യന്നൂർ ആയതുകൊണ്ട് അതിന്റെ പ്രാധാന്യവും പയ്യന്നൂരിനുണ്ട്. അതുകൊണ്ട് ഈ ഇലക്ട്രിക്കൽ ഡിവിഷൻ പയ്യന്നൂരു തന്നെ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പു് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, കണ്ണൂർ ഡിവിഷൻ ബൈഫർക്കേറ്റ് ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡ് പരിഗണിക്കുകയും ഒരു ഓഫീസ് വേണമെന്നു തീരുമാനിക്കുകയും ചെയ്തു. പക്ഷേ ശ്രീ. രാഘവൻ പറഞ്ഞതുപോലെ സ്റ്റാഫിനെയൊന്നും നിയമിച്ചിട്ടില്ല. കെട്ടിടവും എടുത്തിട്ടില്ല. 3 നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒരാഫീസാണ്. ശ്രീ. രാഘവന്റെ പയ്യന്നൂർ നിയോജകമണ്ഡലവും ശ്രീ. മൂസ്സാൻകുട്ടിയുടെ തളിപ്പറമ്പു നിയോജകമണ്ഡലവും ശ്രീ. കെ.സി. ജോസഫിന്റെ ഇരിക്കൂർ നിയോജകമണ്ഡലവുമാണവ. ശ്രീ. കെ. സി. ജോസഫും മൂസ്സാൻകുട്ടിയും ഇതിന്റെ ആസ്ഥാനം തളിപ്പറമ്പിൽതന്നെ ആയിരിക്കണമെന്ന് എഴുതിത്തരുകയും നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ഇവർക്ക് മൂന്നുപേർക്കും യോജിപ്പുള്ള ഏതു സ്ഥലത്ത് ഓഫീസ് സ്ഥാപിക്കുന്നതിനും ഗവൺമെന്റിന് വിരോധമില്ല. താലൂക്ക് ഹെഡ്കാർട്ടേഴ്സിന്റെ ആസ്ഥാനം തളിപ്പറമ്പായതുകൊണ്ട് അവിടെ സ്ഥാപിക്കണമെന്നാണ് അവരുടെ പ്രധാനമായ ആവശ്യം. ആ ഭാഗത്തെ ആളുകൾക്കാണ് ഇതുകൊണ്ട് കൂടുതൽ പ്രയോജനം ഉണ്ടാകുന്നതെന്നൊരു അഭിപ്രായവുമുണ്ട്. ഏതായാലും ഓഫീസ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്നു ബന്ധപ്പെട്ട എം.എൽ.എ. മാരെ വിളിച്ചുകൂട്ടി ആലോചിച്ചതിനുശേഷം ഗവൺമെന്റ് ഒരു തീരുമാനം എടുത്ത് ആഫീസ് ആരംഭിക്കുന്നതാണ്.

(5) കാസർകോട്ടെ കടലാക്രമണം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർകോട് മേഖലയിലെ കടൽത്തീരങ്ങളിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള കടൽക്ഷോഭം ഉണ്ടായിരിക്കുകയാണ്. ആയിരക്കണക്കിനു തെങ്ങുകളും നൂറുകണക്കിന് വീടുകളും കടലാക്രമണംമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. കാസർകോട് മേഖലയിലെ വളരെ ഗുരുതരമായ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. ആ പ്രദേശത്തെ റെയിൽവേ ലൈനിനുപോലും കടലാക്രമണംമൂലം ഭീഷണിയുണ്ടായിരിക്കുകയാണ്. സീവാൾ കെട്ടുക, കടലാക്രമണത്തിനിരയായവരെ പുനരധിവസിപ്പിക്കുക, അവർക്ക് സൗജന്യറേഷൻ കൊടുക്കുകതുടങ്ങിയ പ്രവർത്തനങ്ങൾ അർഹിക്കുന്നത്ര ഗൗരവത്തോടുകൂടിതന്നെ ഉടനടി ചെയ്യണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെടുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഇതുപോലുള്ള 4 സബ്മിഷനുകൾ 4 എം.എൽ.എ. മാർ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ മറ്റ് മൂന്നു എം.എൽ.എ. മാരെക്കൂടി വിളിച്ചതിനുശേഷം മറുപടി പറഞ്ഞാൽ മതി.

ശ്രീ. വി.കെ. രാജൻ: സർ, എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ പെരിഞ്ഞനം, അഴീക്കോട്, വെക്കോട്, പുളിമുട്ടം, എറിയാട് എന്നീ പ്രദേശങ്ങളിൽ അതിഭീകരമായ രീതിയിൽ കടലാക്രമണം ഉണ്ടായിരിക്കുകയാണ്. പെരിഞ്ഞനത്താണെങ്കിൽ ആയിരത്തിലേറെ തെങ്ങുകൾ കടപുഴകി വീണു. 300-ൽ പരം വീട്ടുകാർ മാറിത്താമസിച്ചു. വെക്കോട് 266 വീട്ടുകാർ മാറിത്താമസിച്ചു. അഴീക്കോട് അമ്പതിലേറെ വീട്ടുകാർ മാറിത്താമസിച്ചു. കടൽഭിത്തിയില്ലാത്ത പ്രദേശങ്ങളിൽ കഴിഞ്ഞ മൂന്നു നാല് വർഷങ്ങളായി കടലാക്രമണം രൂക്ഷമായിരിക്കുകയാണ്. നിരവധി നാശനഷ്ടങ്ങൾ സംഭവിച്ചതിനുപുറമെ ആ പ്രദേശത്തെ മുഴുവൻ ആളുകളും പട്ടിണിയിലാണ്. അത്തരം ആളുകൾക്ക് മുൻകാല ഗവൺമെന്റുകൾ ചെയ്തിരുന്നതുപോലെ സൗജന്യറേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. സാംക്രമികരോഗങ്ങൾ പടർന്നു പിടിക്കാൻ ഇടയുള്ളതിനാൽ പ്രത്യേകമായ മെഡിക്കൽ ടീമുകളെ അയച്ച് ആ പ്രദേശങ്ങളിൽ ആവശ്യമായ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഈ പ്രദേശങ്ങളിൽ കടൽഭിത്തികെട്ടുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല. കടൽഭിത്തി കെട്ടാത്തിടത്ത് മണൽ സഞ്ചിയിട്ടെങ്കിലും താൽക്കാലികമായി കടലാക്രമണം തടയാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. വി. ദിനകരൻ: സർ; കേരളത്തിലെ പല പ്രദേശങ്ങളും രൂക്ഷമായ കടലാക്രമണത്തിന് വിധേയമായിരിക്കുകയാണ്. ആയിരക്കണക്കിന് മൽസ്യത്തൊഴിലാളി കുടുംബങ്ങൾ നിരാശ്രയരായിരിക്കുകയാണ്. ആയിരക്കണക്കിനുതെങ്ങുകൾ കടപുഴകി വീണിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു കാര്യം പറയാനുള്ളത് ടെൻഡർ ചെയ്ത വർക്കുകൾപോലും ചെയ്യാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. പകുതി വർക്കുകൾ ചെയ്തതു പോലും മുങ്ങിപ്പോയിരിക്കുകയാണ്. എഗ്രിമെന്റ് ചെയ്ത വർക്കുപോലും അവർ വീണ്ടും ഏറ്റെടുക്കുന്നില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തിരുവനന്തപുരത്തെ പനത്തുറയിൽ നേരിട്ടുപോയി കണ്ടു കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. കൂടുതൽ തുക വകയിരുത്തിക്കൊണ്ട് ഏറ്റെടുത്ത വർക്കുകൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിലാളികൾ ഭവനരഹിതരായിരിക്കുകയാണ്. അവർക്ക് സൗജന്യറേഷൻ കൊടുക്കണം. പഞ്ചായത്ത് തലത്തിൽ ഭൂമി ഏടുത്തുകൊണ്ട് അവരെ പ്രത്യേകമായി മാറ്റി താമസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ അമ്പലപ്പുഴയിലെ ഒരു കോൺട്രാക്ടർ സ്ഥിരമായി വർക്കുകൾ എടുക്കാറുണ്ടെങ്കിലും വർക്കുകൾ പൂർത്തിയാക്കുകയില്ല. ആ കോൺട്രാക്ടറെ ബ്ലാക്ക്ലിസ്റ്റിൽ ഉൾപ്പെടുത്തി മാറ്റി നിറുത്തിക്കൊണ്ട് ആ പണി ഏറ്റെടുത്തു നടത്താനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ.റ്റി. കുമാരൻ: സർ, എന്റെ നിയോജകമണ്ഡലമായ ഫോസ്ദുർഗ്ഗിലെ നീലേശ്വരം, തൈക്കടപ്പുറം, പൈത്തല എന്നീ പ്രദേശങ്ങളിൽ കടലാക്രമണത്തിന്റെ ഫലമായി ഏതാണ്ട് 2 കിലോമീറ്റർ നീളത്തിലും അര കിലോമീറ്റർ വീതിയിലും ഭൂമി നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടെ ഉണ്ടായിരുന്ന ഏതാണ്ട് ആയിരത്തിലധികം കുലച്ചതും കുലയ്ക്കാത്തതുമായ തെങ്ങുകൾ നശിച്ചുപോയി. നിരവധി വീടുകൾ ഒലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പോയി. അനേകം കുടുംബങ്ങൾ അവിടെനിന്നു മാറിത്താമസിക്കേണ്ടതായിവന്നു. ഇത്തരം കെടുതികൾ ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി അവിടെ കടൽഭിത്തി കെട്ടുന്നതിനുവേണ്ടിയും, അവിടെനിന്നും ഒഴിഞ്ഞുപോയിട്ടുള്ളവർക്ക് സൗജന്യറേഷൻ നൽകുന്നതിനുവേണ്ടിയും സാംക്രമികരോഗം പടരാതിരിക്കാൻ ചികിൽസാ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടിയും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, കാലവർഷത്തെത്തുടർന്ന് കേരളത്തിലെ കടലോരങ്ങൾ സംഭീതമായ അന്തരീക്ഷത്തിൽ കഴിയുകയാണ്. നമ്മുടെ സംസ്ഥാനത്ത് 560 കിലോമീറ്റർ കടലോരമുണ്ട്. കേന്ദ്രഗവൺമെന്റ് നിർണ്ണയിച്ചതനുസരിച്ചാണെങ്കിൽ 320 കിലോമീറ്റർ കടലോരം വൻനഗരിയം ഏറിയയാണ്. കടലാക്രമണത്തിന് വിധേയമായിട്ടുള്ള ഏരിയയാണ്. ഇതിൽ 295 കിലോമീറ്റർ കടൽഭിത്തി കെട്ടിക്കഴിഞ്ഞു. ബാക്കി വൻനഗരിയം പോയിന്റ്സിൽ 25 കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി കെട്ടാൻ അവശേഷിക്കുകയാണ്. ഈ 25 കിലോമീറ്റർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഈ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള ഈ പ്രദേശങ്ങളിൽ ഈ കാലവർഷക്കാലത്ത് വളരെ ശക്തമായ കടലാക്രമണം ഉണ്ടായിട്ടുണ്ട് എന്നുള്ളതു വസ്തുതയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞ പ്രദേശങ്ങളിൽ ഒക്കെയും വളരെരൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടുണ്ട്. കടൽ അടിച്ചുകയറുന്ന സ്ഥലങ്ങളിൽ കടലാക്രമണ നിരോധന നടപടികൾ ശക്തിപ്പെടുത്താൻ ജലസേചനവകുപ്പിന് കർശനമായ നിർദ്ദേശങ്ങൾതന്നെ കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും സംഭവം ഉണ്ടായിക്കഴിഞ്ഞാൽ അവിടെ ഉദ്യോഗസ്ഥൻമാർ ഉടനെയെത്തി ആവശ്യമായ താല്ക്കാലികനടപടികളും അതുപോലെതന്നെ സ്ഥിരമായ നടപടികളും സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിയന്തിരസ്വഭാവമുള്ളിടത്ത് താല്ക്കാലിക നടപടികൾ സ്വീകരിക്കണം, താൽക്കാലിക നടപടി എന്നു പറയുമ്പോൾ ഉടനെചെന്ന് മണൽച്ചാക്കുകൾ ഇടുക, കല്ലുകൾ അടുക്കുക തുടങ്ങിയവ ഉൾപ്പെടും. സ്ഥിരമായ നടപടികൾ എന്നുപറയുമ്പോൾ ഈ വൻനഗരിയം പോയിന്റ്സിൽ കടൽഭിത്തി കെട്ടുകയെന്നുള്ളതാണ്. ടെൻഡർകൊടുത്തു പണി മരവിച്ചുകിടക്കുന്ന പ്രദേശങ്ങളിൽ പണി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കടൽഭിത്തികെട്ടുന്നതിന് ടെൻഡറിന്റെ സ്റ്റേജായിട്ടുള്ള വർക്കുകൾ എത്രയും വേഗം ടെൻഡർ കൊടുത്തുകൊണ്ട് സ്ഥിരമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കടൽക്ഷോഭം ഉണ്ടാകുന്ന പ്രദേശങ്ങളിൽ ദുരിതാശ്വാസം കൊടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കളക്ടറാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയല്ല. ആ ചുമതലകളിൽ ഒരു ബൈഫർക്കേഷൻ ആണ് കടൽഭിത്തികെട്ടുക, താല്ക്കാലിക സ്ഥിര ആശ്വാസ നടപടികൾ സ്വീകരിക്കുക എന്നിവ. അത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണ്. ഭവനനാശം വന്ന ആളുകളെ റീഹാബിലിറ്റേറ്റ് ചെയ്യുക, അവർക്ക് റേഷൻ കൊടുക്കുക, അവരുടെ ആരോഗ്യ കാര്യങ്ങൾ സംരക്ഷിക്കുക ഇങ്ങനെയുള്ള കാര്യങ്ങൾ കളക്ടറുടെ നേരിട്ടുള്ള ചുമതലയിലാണ്. കളക്ടർ ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലൊക്കെയും റവന്യൂ ഉദ്യോഗസ്ഥൻമാർ ഇറിഗേഷൻ ഉദ്യോഗസ്ഥൻമാരോടൊപ്പംതന്നെ സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. വീട് മുഴുവനും നശിച്ച ആളുകൾക്ക് 1500 രൂപ വച്ച് നഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കൊടുക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട്. ഭാഗികമായി വീടു നശിച്ചവർക്ക് 500 രൂപ വച്ച് കൊടുത്തിട്ടുണ്ട്. വീടില്ലാത്ത ആളുകൾക്ക് വീടുവയ്ക്കുന്നതിന് ആംഷ്ടർനേറ്റ് ലാൻറ് പ്രൊവൈഡ് ചെയ്യുന്നുണ്ട്. അതുപോലെതന്നെ മാറ്റിപ്പാർപ്പിക്കേണ്ടവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. കാലവർഷംമൂലം ധാരാളം പേർക്ക് കൃഷി നാശം സംഭവിച്ചിട്ടുണ്ട്. വളരെയധികം തെങ്ങുകളും നശിച്ചുപോയിട്ടുണ്ട്. ഇങ്ങനെയുള്ളവർക്ക് നൽകുന്നതിനായി നിവേദനങ്ങൾ വന്നുണ്ട്. അതിൽനിന്നും നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാരുടെ വികാരങ്ങളുമായിട്ട് ഗവൺമെൻറ് യോജിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ച് വളരെ ശ്രദ്ധയോടെ ഗവൺമെൻറ് കാര്യങ്ങൾ വീക്ഷിക്കുന്നുവെന്ന് മെമ്പർമാർക്ക് ഉറപ്പുതരുവാൻ ആഗ്രഹിക്കുകയാണ്. അടിയന്തിരമായിട്ട് എവിടെയൊക്കെ സഹായങ്ങൾ ചെയ്യണമോ, എവിടെയൊക്കെ നിരോധന നടപടികൾ വേണമോ അവിടെയെല്ലാം തന്നെ ഗവൺമെൻറ് കഴിയുന്നത്ര ശ്രദ്ധയോടുകൂടി ചെയ്യുന്നതാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട.

(6) സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. എ.കെ. പത്മനാഭൻ: സർ, നമ്മുടെ സംസ്ഥാനത്തെ സ്വകാര്യസ്കൂളുകളിൽ പ്രവർത്തിക്കുന്ന നിരവധി അദ്ധ്യാപകർക്ക് കഴിഞ്ഞ രണ്ടുമാസമായി ശമ്പളം കിട്ടുന്നില്ല. ഈ വിദ്യാലയങ്ങൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടില്ലാ എന്നതിൻെറ പേരിലാണ് ശമ്പളം തടഞ്ഞു വച്ചിട്ടുള്ളത്. അതിന് അദ്ധ്യാപകർ കുറ്റക്കാരല്ല, അത് മാനേജർമാരാണ് ചെയ്തേണ്ടത്. അതുകൊണ്ട് അടിയന്തിരമായി തടഞ്ഞു വച്ച ശമ്പളം അവർക്ക് നൽകാനുള്ള നടപടി ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, കെ.ഇ. ആറിലെ വ്യവസ്ഥകൾ പൂർത്തിയാക്കാത്ത സ്കൂളുകളിലാണ് ശമ്പള വിതരണം തടഞ്ഞു വച്ചത്. കഴിഞ്ഞ വെക്കേഷൻ കാലത്തെ ശമ്പളവും ജൂൺമാസത്തെ ശമ്പളവും കൊടുക്കാനുള്ള നിർദ്ദേശം ഇതിനകംതന്നെ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(7) കടൽ ക്ഷോഭംമൂലം കാണാതായവർ

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: സർ, തിക്കൊടിയിൽ കടൽ ക്ഷോഭത്തിൻെറ ഫലമായി ഒരാൾ മരിക്കുകയും ഒരു യന്ത്രവൽകൃത മൽസ്യ ബോട്ട് പൂർണ്ണമായും തകരുകയും ചെയ്തിരിക്കുകയാണ്. ഈ ബോട്ട് നഷ്ടപ്പെട്ട ആളുകൾക്ക് പകരമായി ബോട്ടുകൊടുക്കണം. ജീവൻ നഷ്ടപ്പെട്ട കുടുംബത്തിന് അവരുടെ ഭയനീയസ്ഥിതി കണക്കിലെടുത്ത് തക്കതായ നഷ്ടപരിഹാരം ലഭ്യമാക്കണം. ചാലിയത്തുനടന്ന ഒരു സംഭവം ശ്രീ. മൂസ്സക്കുട്ടി ഇവിടെ പറഞ്ഞു. കഴിഞ്ഞകൊല്ലം ഒരു കപ്പൽ അവിടെ തകർന്നിരുന്നു. അവിടെ പ്രത്യേകമായിട്ടുണ്ടാകുന്ന നീർച്ചുഴിയുടെ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. അതു കണക്കിലെടുത്ത് ആ ഭാഗത്ത് പ്രത്യേകം അന്വേഷണം നടത്തിയാൽ ഈ അപകടം മേലിലെങ്കിലും ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. അങ്ങനെ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly